# SAMPLE QUESTION PAPER

# D.Ed SEMESTER-IV ($S_4$) EXAMINATION

## $S_4P_{22}$(C) സാമാന്യശാസ്ത്രം - പ്രയോഗം

1. Design of the Question Paper.
   - Weightage to content.
   - Weightage to type of Questions.
   - Weightage to Level of Questions.
   - Blue Print of Question Paper.
2. Actual Question Paper.
3. Scoring Key & Marking Scheme.
4. Questionwise Analysis.

# $S_4 . P_{22}$(C) സാമാന്യശാസ്ത്രം - പ്രയോഗം

## I Design of Question Paper

### WEIGHTAGE TO CONTENT

| Sl. No. | Name of Unit | No. of Questions | Score | Percentage |
|---|---|---|---|---|
| 1. | ശാസ്ത്രപാഠ പുസ്തകങ്ങളിലേക്ക് | 14 | 23 | 38 |
| 2 | ശാസ്ത്രപഠനം ഫലപ്രദമാക്കാൻ | 7 | 18 | 30 |
| 3 | ശാസ്ത്രക്ലാസ്സ് - പ്രായോഗിക പരിചയത്തിലേക്ക് | 6 | 19 | 32 |
| | **ആകെ** | **27** | **60** | **100** |

### WEIGHTAGE TO TYPE OF QUESTIONS

| Sl. No. | Type | No. of Questions | Score | Percentage |
|---|---|---|---|---|
| 1 | Objective Type 1 | 5 | 5 | 8.3 |
| 2 | Objective - Type -2 | 5 | 5 | 8.3 |
| 3 | Very Short Answer | 5 | 10 | 16.7 |
| 4 | Short Answer | 10 | 30 | 50 |
| 5 | Essay | 2 | 10 | 16.7 |
| | **Total** | **27** | **60** | **100** |

# WEIGHTAGE TO LEVEL OF QUESTIONS

| Sl. No. | Level | Score | Percentage |
|---|---|---|---|
| 1 | Easy | 12 | 20 |
| 2 | Average | 36 | 60 |
| 3 | Difficult | 12 | 20 |
| | **Total** | **60** | **100** |

# BLUE PRINT

| Sl. No. | Name of Unit | Number & Score | | | | | | Total Score |
|---|---|---|---|---|---|---|---|---|
| | | Type | Objective | | Very Short answer | Short answer | Essay | |
| | | Score | Type-1 | Type-2 | 2 | 3 | 5 | |
| | | | 1 | 1 | | | | |
| 1. | ശാസ്ത്രപാഠ പുസ്തകത്തിലേക്ക് | | (5)5 | (4)4 | (3)6 | (1)3 | (1)5 | (14)23 |
| 2. | ശാസ്ത്രപഠനം ഫലപ്രദമാക്കാൻ | | | (1)1 | (1)2 | (5)15 | | (7)18 |
| 3. | ശാസ്ത്രക്ലാസ്സ് - പ്രായോഗിക പരിചയത്തിലേക്ക് | | | | (1)2 | (4)12 | (1)5 | (6)19 |

*Note:* ബ്രാക്കറ്റിനുള്ളിലെ സംഖ്യ ചോദ്യങ്ങളുടെ എണ്ണത്തേയും പുറത്തേ സംഖ്യ സ്കോറിനെയും സൂചിപ്പിക്കുന്നു.

# Diploma in Education (D.Ed) Examination
# Semester -IV

## $S_4.P_{22}$(c) സാമാന്യശാസ്ത്രം പ്രയോഗം

**Maximum scores: 60** **Time : 2 hrs**

**Cool off time : 15 Minutes**

**നിർദ്ദേശങ്ങൾ**

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
2. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുന്നതിനും എഴുതേണ്ട മുൻഗണനാക്രമം തീരുമാനിക്കുന്നതിനുമാണ് സമാശ്വാസ സമയമായി ആദ്യത്തെ 15 മിനിറ്റ് അനുവദിച്ചിട്ടുള്ളത്.

**1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

1. അനു നീല ലിറ്റ്മസ് പേപ്പർ ആസിഡിൽ മുക്കിയപ്പോൾ ചുവപ്പു നിറം കിട്ടി. എന്നാൽ ചുവന്ന ലിറ്റ്മസ് പേപ്പർ ആസിഡിൽ മുക്കിയാൽ എന്ത് നിറമാകും കിട്ടുക?

   (a) നീല (b) പിങ്ക്

   (c) ചുവപ്പ് (d) ഇളം ചുവപ്പ്

2. കൂട്ടത്തിൽ പെടാത്തതേത്?

   (a) ലിംഫോസൈറ്റ് (b) ഈസിനോഫിൽസ്

   (c) പ്ലേറ്റ്ലെറ്റ് (d) ന്യൂട്രോഫിൽസ്

3. ഉപ്പുപൊടിയും കർപ്പൂരപ്പൊടിയും കലർന്ന മിശ്രിതത്തിലെ ഘടകങ്ങൾ വേർതിരിക്കാൻ നിങ്ങൾ നിർദ്ദേശിക്കുന്ന ഏറ്റവും അനുയോജ്യമായ രീതി.

   (a) അരിയ്ക്കൽ (b) സ്വേദനം

   (c) പെറുക്കിമാറ്റൽ (d) ഉത്പതനം

4.. '2015 - വർഷം' ഐക്യരാഷ്ട്ര സംഘടന ആചരിക്കുന്നത്:-

   (a) അന്താരാഷ്ട്ര പ്രകാശ വർഷവും, മണ്ണ് വർഷവും.

   (b) പ്രകാശവർഷവും, ജലവർഷവും

   (c) മണ്ണ് വർഷവും, ജലവർഷവും

   (d) പ്രകാശവർഷവും, ശുദ്ധവായു വർഷവും

5. കണ്ണിന്റെ ആരോഗ്യ സംരക്ഷണത്തിന് മുഖ്യമായും സഹായിക്കുന്ന ജീവകം

   (a) ജീവകം - A (b) ജീവകം - B

   (c) ജീവകം - B12 (d) ജീവകം - K

**6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഉത്തരം ഒരു വാക്കിലോ ഒരു വാക്യത്തിലോ എഴുതുക. (1 സ്കോർ വീതം)**

6. 'നിശാഗന്ധി'യിൽ പ്രജനനം നടക്കുന്നത് ഏത് സസ്യഭാഗത്തിലൂടെയാണ്?

7. 'ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രത്തിന്റെ പ്രക്രിയകൾ പ്രയോജനപ്പെടുത്തുന്നു.' ഇത് ശാസ്ത്രപഠനലക്ഷ്യങ്ങളുടെ ഏത് മേഖലയുമായി ബന്ധപ്പെട്ടതാണ്?

8. ജനിത വൈകല്യത്തിന് ഒരു ഉദാഹരണമെഴുതുക.

9. വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സസ്യങ്ങളുടേയും ജന്തുക്കളുടേയും വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകം.

10. ദീർഘ നിശ്വാസത്തിനുശേഷവും ശ്വാസകോശങ്ങളിൽ അവശേഷിക്കുന്ന വായുവിന്റെ അളവാണ്..............

**11 മുതൽ15 വരെ ചോദ്യങ്ങളുടെ ഉത്തരം രണ്ടോ മൂന്നോ വാക്യത്തിലെഴുതുക. (2 സ്കോർ വീതം)**

11. താഴെ നൽകിയിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്തത് ഏത്? നിങ്ങളുടെ ഉത്തരത്തെ ന്യായീകരിക്കുക

(a) ക്ഷയം (b) വില്ലൻ ചുമ (c) കുഷ്ഠം (d) മുണ്ടിനീര്

12. ഇത്തിളും (Loranthus) മൂടില്ലാത്താളിയും (Cuscutta) തമ്മിൽ പോഷണത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

13. പഠനത്തിനായുള്ള വിലയിരുത്തൽ (assessment for learning) ടീച്ചറുടെ സ്വയം വിലയിരുത്തലിന് അവസരം നൽകുന്നു. ഈ പ്രസ്താവന വിശകലനം ചെയ്യുക.

14. ശാസ്ത്രപാഠപുസ്തകം തുറന്ന ചിന്തയെ പരിപോഷിപ്പിക്കുന്നതാവണം. 7-ാം ക്ലാസ്സിലെ ശാസ്ത്ര പാഠപുസ്തകത്തിൽ നിന്നും ഈ സവിശേഷത പ്രതിഫലിപ്പിക്കുന്ന രണ്ട് സന്ദർഭങ്ങൾ സൂചിപ്പിക്കുക.

15. ടീച്ചിംഗ് മാന്വലുകളിൽ പ്രതിഫലനാത്മക കുറിപ്പുകൾ ഉൾപ്പെടുത്തുന്നത് കൊണ്ടുള്ള മെച്ചമെന്ത്?

**16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം 50 വാക്കിൽ കവിയാതെ എഴുതുക. (3 സ്കോർ വീതം)**

16. 'ശാസ്ത്രത്തിലെ നൂതന പ്രവണതകൾ' എന്ന വിഷയത്തെ സംബന്ധിച്ച സെമിനാറിൽ 'ബയോടെക്നോളജി' എന്ന മേഖലയിൽ നിങ്ങൾ അവതരിപ്പിക്കുന്ന പ്രബന്ധത്തിൽ ഉൾപ്പെടുത്തുന്ന മൂന്ന് പ്രധാന ആശയങ്ങൾ എഴുതുക.

17. ആദ്യ കോളത്തിന് അനുയോജ്യമായ രീതിയിൽ രണ്ടും, മൂന്നും കോളങ്ങൾ മാറ്റിയെഴുതുക.

| | | |
|---|---|---|
| പ്രതിപതനം | പ്രിസം | മൈക്രോസ്കോപ്പിൽ ഉപയോഗിക്കുന്നു |
| അപവർത്തനം | ദർപ്പണം | മഴവില്ല് ഉണ്ടാകുന്നു |
| പ്രകീർണ്ണനം | ലെൻസ് | മുഖം കാണുന്നു |

18. 'ശബ്ദം ഉണ്ടാകുന്നതെങ്ങനെ'? ഈ പ്രശ്നം പരിഹരിക്കുന്നതിന് അനുയോജ്യമായ പഠനപ്രവർത്തനത്തിന് ആവശ്യമായ രണ്ട് പഠനോപകരണങ്ങൾ നിർദ്ദേശിക്കുക. അവയുടെ നിർമ്മാണ രീതി വിശദമാക്കുക.

19. സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു 'ബഹിരാകാശക്വിസ്' മത്സരം നടത്തുന്നതിന് 6 ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും അടങ്ങിയ ചോദ്യാവലി തയ്യാറാക്കുക.

20. 'അന്തരീക്ഷമർദ്ദം' എന്ന ആശയം വിനിമയം ചെയ്യുന്ന ശാസ്ത്രക്ലാസ്സിലെ പഠനപ്രക്രിയ, പഠനാന്തരീക്ഷം, എന്നിവ വിലയിരുത്തുന്നതിനുള്ള ഒരു ക്ലാസ്സ് വിശകലന ഫോർമാറ്റ് തയ്യാറാക്കുക

21. 5-ാം ക്ലാസ്സിലെ 'വസ്തുക്കളെ ലയിപ്പിക്കാനുള്ള ജലത്തിന്റെ കഴിവ്' എന്ന പാഠഭാഗം വിനിമയം ചെയ്യുമ്പോൾ CWSN കുട്ടികൾക്ക് നൽകാവുന്ന മൂന്ന് അനുരൂപീകരണ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.

22. കുട്ടികളിൽ സാമൂഹ്യശുചിത്വബോധം വളർത്തുന്നതിന് സഹായകമായ 5 Es ഉൾച്ചേർത്ത ഒരു പഠന പ്രവർത്തനം രൂപകല്പന ചെയ്യുക.

23 'നിരന്തര വിലയിരുത്തൽ - പ്രസക്തിയും പ്രാധാന്യവും' എന്ന അസൈൻമെന്റിൽ നിങ്ങൾ ഉൾപ്പെടുത്തുന്ന മൂന്ന് പ്രധാന കാര്യങ്ങൾ എഴുതുക. അവ ഓരോന്നും വിശദമാക്കുക.

24. വിത്തുമുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ വിനിമയം ചെയ്യുന്നതിന് ഏറ്റവും അനുയോജ്യമായ

പഠനതന്ത്രം എഴുതുക. ഈ പഠനപ്രവർത്തനത്തിലൂടെ രൂപപ്പെടുന്ന ഉല്പന്നമേത്? ഈ ഉല്പന്നം വിലയിരുത്തുന്നതിനുള്ള സൂചകങ്ങളെഴുതുക.

25. കൃഷി എന്ന തീം യു.പി. ക്ലാസ്സുകളിലെ ശാസ്ത്രപാഠപുസ്തകങ്ങളിൽ ചാക്രികാരോഹണരീതി പാലിച്ച് എപ്രകാരം അവതരിപ്പിച്ചിരിക്കുന്നുവെന്ന് വിശകലനം ചെയ്ത് ലഘുകുറിപ്പ് തയ്യാറാക്കുക.

**26 മുതൽ 27 വരെ ചോദ്യങ്ങളുടെ ഉത്തരം 200 വാക്കിൽ കവിയാതെ എഴുതുക. (5 സ്കോർ വീതം)**

26. 'സൂക്ഷ്മാണുക്കൾ ഇല്ലാതായാൽ' എന്ന പാഠഭാഗം വിനിമയം ചെയ്യുമ്പോൾ താഴെ പറയുന്ന ഓരോ ഘട്ടത്തിലും ടീച്ചർ എന്ന നിലയിൽ നിങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെഴുതുക.

(a) Engage (b) Explore (c) Evaluate

27. 'ലഘുയന്ത്രങ്ങൾ' എന്ന തീമുമായി ബന്ധപ്പെട്ട് ഒരു ആശയഭൂപടം (Concept map) തയ്യാറാക്കുക. ശാസ്ത്രക്ലാസ്സ് ഫലപ്രദമാക്കുന്നതിന് ആശയഭൂപടം തയ്യാറാക്കുന്നത് എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് വ്യക്തമാക്കുക.

## SCORING INDICATORS

<table>
<tr><th>Qn. No.</th><th>Value Points</th><th>Total Score</th></tr>
<tr><td>1</td><td>(b) ചുവപ്പ്</td><td>1</td></tr>
<tr><td>2</td><td>(c) പ്ലേറ്റ്ലെറ്റ്</td><td>1</td></tr>
<tr><td>3</td><td>(d) ഉത്പതനം</td><td>1</td></tr>
<tr><td>4</td><td>(a) അന്താരാഷ്ട്ര പ്രകാശവർഷവും മണ്ണ് വർഷവും</td><td>1</td></tr>
<tr><td>5</td><td>(b) ജീവകം - A</td><td>1</td></tr>
<tr><td>6</td><td>ഇല</td><td>1</td></tr>
<tr><td>7</td><td>പ്രയോഗ മേഖല</td><td>1</td></tr>
<tr><td>8</td><td>ഡൗൺ സിൻഡ്രോം/ക്ലിനിഫിൽട്ടർ സിൻഡ്രോം/സിക്കിൾ സെൽ അനീമിയ</td><td>1</td></tr>
<tr><td>9</td><td>റെഡ് ഡേറ്റാ ബുക്ക്</td><td>1</td></tr>
<tr><td>10</td><td>റെസിഡ്യുവൽ വോള്യം/അവക്ഷിപ്ത വ്യാപ്തം</td><td>1</td></tr>
<tr><td>11</td><td>(d) മുണ്ടിനീര്<br>മുണ്ടിനീര് വൈറസ് രോഗമാണ്/ബാക്കിയുള്ളവ ബാക്ടീരിയ മൂലം ഉണ്ടാകുന്നവയാണ്.</td><td>1<br>1</td></tr>
<tr><td>12</td><td>ഇത്തിൾ അർധ പരാദമാണ്. ഇത് ആതിഥേയ സസ്യത്തിൽ നിന്നും വലിച്ചെടുക്കുന്ന ജലവും ലവണങ്ങളും ഉപയോഗിച്ച് സ്വന്തം ഇലകളിൽ വച്ച് ആഹാരം നിർമ്മിക്കുന്നു.<br>മൂടില്ലാത്താളി പൂർണ്ണപരാദമാണ്. ഇത് ആതിഥേയ സസ്യത്തിൽ നിന്നും നേരിട്ട് ആഹാരം സ്വീകരിക്കുന്നു.</td><td>1<br>1</td></tr>
<tr><td>13</td><td>• ടീച്ചർ പഠന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നു.<br>• കുട്ടിയുടെ പഠനാവസ്ഥയുടെ യഥാർത്ഥ ചിത്രം മനസ്സിലാക്കി ടീച്ചർ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുന്നു.</td><td>1</td></tr>
<tr><td>14</td><td>7-ാം ക്ലാസ്സിലെ ശാസ്ത്രപാഠപുസ്തകത്തിൽ നിന്നും ഉചിതമായ രണ്ട് സന്ദർഭങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. (1 സന്ദർഭത്തിന് 1 സ്കോർ)</td><td>1<br>1</td></tr>
<tr><td>15</td><td>• കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ തിരിച്ചറിയുന്നതിന്<br>• തൽസമയം പരിഹരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്ന് (പ്രസക്തമായ മറ്റ് ഉത്തരങ്ങൾ)</td><td>1<br>1</td></tr>
<tr><td>16.</td><td>ബയോടെക്നോളജി എന്ന മേഖലയിൽ നിന്നും പ്രസക്തമായ മൂന്ന് ആശയങ്ങൾ എഴുതിയിട്ടുണ്ട്. (1 ആശയത്തിന് 1 സ്കോർ വീതം)</td><td>1<br>1<br>1</td></tr>
<tr><td>17</td><td><table>
<tr><td>പ്രതിപതനം</td><td>ദർപ്പണം</td><td>മുഖം കാണുന്നു.</td></tr>
<tr><td>അപവർത്തനം</td><td>ലെൻസ്</td><td>മൈക്രോസ്കോപ്പിൽ ഉപയോഗിക്കുന്നു.</td></tr>
<tr><td>പ്രകീർണ്ണനം</td><td>പ്രിസം</td><td>മഴവില്ല് ഉണ്ടാകുന്നു.</td></tr>
</table></td><td>1<br>1<br>1</td></tr>
<tr><td>18</td><td>ഉചിതമായ രണ്ട് പഠനോപകരണങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.<br>രണ്ട് പഠനോപകരണങ്ങളുടേയും നിർമ്മാണ രീതി വിശദമാക്കിയിട്ടുണ്ട്.</td><td>1<br>2</td></tr>
</table>

| Qn. No. | Value Points | Total Score |
|---|---|---|
| 19 | ഉചിതമായ ആറ് ചോദ്യങ്ങളും അവയുടെ ശരിയുത്തരവും തയ്യാറാക്കിയിട്ടുണ്ട് (3 സ്കോർ) | 3 |
| 20 | ആശയത്തെക്കുറിച്ചുള്ള സൂചന, പഠനപ്രക്രിയ, പഠനാന്തരീക്ഷം, എന്നിവയെ വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ ഉൾപ്പെടുത്തി വിശകലന ഫോർമാറ്റ് തയ്യാറാക്കിയിട്ടുണ്ട്. | 1<br>1<br>1 |
| 21 | • ജലം, പഞ്ചസാര, ഉപ്പ്, എന്നീ വസ്തുക്കൾ തൊട്ടറിയാനുള്ള അവസരം നൽകുന്നു.<br>• പഞ്ചസാര/ഉപ്പ് ജലത്തിലിട്ട് ഇളക്കുന്നതിന് സഹായിക്കുന്നു.<br>• പഞ്ചസാര/ഉപ്പ് ലയിച്ചുണ്ടായ ലായനി രുചിച്ചുനോക്കുന്നതിന് അവസരം നൽകുന്നു.<br>• ജലത്തിന് ഉപ്പ്/പഞ്ചസാര എന്നിവ ലയിപ്പിക്കാനുള്ള കഴിവുണ്ട്. എന്ന ആശയം പറയിക്കുന്നു. എഴുതിക്കുന്നു. ഉറക്കെ വായിച്ച് കേൾപ്പിക്കുന്നു. | 1<br>1<br>1 |
| 22 | • പഠനപ്രവർത്തനം സാമൂഹ്യശുചിത്വം എന്ന ആശയം വിനിമയം ചെയ്യാൻ പര്യാപ്തമാണ്.<br>• 5 E യുടെ ഘടകങ്ങൾ ഉൾച്ചേർത്തിട്ടുണ്ട്. | 1<br>2 |
| 23 | • ടീച്ചർ കുട്ടിയുടെ പഠന പിന്നോക്കാവസ്ഥയും അതിന്റെ കാരണങ്ങളും കണ്ടെത്തുന്നു.<br>• ഏറ്റവും ഉചിതമായ വിലയിരുത്തൽ രീതി അവലംബിക്കുന്നു.<br>• പരിഹാര പ്രവർത്തനങ്ങൾ നൽകി നിർദ്ദിഷ്ഠ പഠനനേട്ടം കുട്ടി കൈവരിച്ചു എന്ന് ഉറപ്പാക്കുന്നു. | 1<br>1<br>1 |
| 24. | • പ്രോജക്ട്<br>• പ്രോജക്ട് റിപ്പോർട്ട്<br>• പ്രോജക്ട് റിപ്പോർട്ടിന്റെ സമഗ്രത, ഫോർമാറ്റ് etc. | 1<br>1<br>1 |
| 25. | • കൃഷി എന്ന ആശയം ഉൾപ്പെടുന്ന 5, 6, 7 ക്ലാസ്സുകളിലെ യൂണിറ്റുകൾ സൂചിപ്പിച്ചിട്ടുണ്ട്.<br>• ചാക്രികാരോഹണരീതി പാലിക്കുന്നതിന്റെ തെളിവുകളും മൂന്ന് ക്ലാസ്സുകളിലേയും പാഠപുസ്തകങ്ങളിൽ നിന്നുമുള്ള സന്ദർഭങ്ങളും സൂചിപ്പിച്ചിട്ടുണ്ട്. | 1<br>2 |
| 26. | • Engage - പ്രശ്നം ഏറ്റെടുക്കത്തക്ക തരത്തിൽ ചിത്രം/കാർട്ടൂൺ/പത്രവാർത്ത/അനുഭവ കഥനം/ ഐ.സി.ടി ഉപയോഗപ്പെടുത്തി അവതരിപ്പിച്ചിട്ടുണ്ട്<br>• Explore - നിരീക്ഷണം/റഫറൻസ്/ചർച്ച/ഐ.സി.ടി എന്നിവയിൽ നിന്ന് ഉചിതമായ തന്ത്രം ഉപയോഗപ്പെടുത്തി വിവര ശേഖരണം നടത്തി നിഗമനം രൂപീകരിക്കുന്നു.<br>• Evaluate - പഠന പ്രക്രിയ, പഠനാൽപ്പന്നം, എത്തിച്ചേർന്ന നിഗമനങ്ങൾ എന്നിവ വിലയിരുത്തുന്നതിനുള്ള സന്ദർഭങ്ങളും പ്രവർത്തങ്ങളും സൂചിപ്പിച്ചിട്ടുണ്ട് | 1<br>2 |

| | | |
|---|---|---|
| 27 | **ആശയ ഭൂപടം തീം 'ലഘുയന്ത്രങ്ങൾ'** | |
| |  | 3 |
| | • വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങളുടെ വ്യാപ്തി നിർണ്ണയിക്കാൻ സാധിക്കുന്നു<br>• ആശയങ്ങളും, ഉപാശയങ്ങളും തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കി സമഗ്രമായി ആശയങ്ങൾ വിനിമയം ചെയ്യാൻ സാധിക്കുന്നു.<br>OR<br>• സ്വീകരിക്കേണ്ട പഠനതന്ത്രങ്ങളെ സംബന്ധിച്ച് സൂചനകൾ ലഭിക്കുന്നു.<br>• പഠനോപകരണങ്ങൾ സംബന്ധിച്ച് സൂചന ലഭിക്കുന്നു.<br>(മറ്റ് പ്രസക്തമായ ഉത്തരങ്ങൾ.) | 2 |
| | **ആകെ സ്കോർ** | **60** |

## QUESTION WISE ANALYSIS

| Sl.No | Unit | Type | Level | Score | Time |
|---|---|---|---|---|---|
| 1 | I | Objective | Difficult | 1 | 2 minute |
| 2 | I | Objective | Average | 1 | 2 minute |
| 3 | I | Objective | Average | 1 | 2 minute |
| 4 | I | Objective | Average | 1 | 2 minute |
| 5 | I | Objective | Average | 1 | 2 minute |
| 6 | I | Objective | Difficult | 1 | 2 minute |
| 7 | II | Objective | Easy | 1 | 2 minute |
| 8 | I | Objective | Difficult | 1 | 2 minute |
| 9 | I | Objective | Average | 1 | 2 minute |
| 10 | I | Objective | Average | 1 | 2 minute |
| 11 | I | Short answer | Average | 2 | 4 minute |
| 12 | I | Short answer | Average | 2 | 4 minute |
| 13 | III | Short answer | Average | 2 | 4 minute |
| 14 | I | Short answer | Easy | 2 | 4 minute |
| 15 | II | Short answer | Average | 2 | 4 minute |
| 16 | I | Short answer | Easy | 3 | 6 minute |
| 17 | II | Short answer | Difficult | 3 | 6 minute |
| 18 | III | Short answer | Average | 3 | 6 minute |
| 19 | II | Short answer | Easy | 3 | 6 minute |
| 20 | II | Short answer | Difficult | 3 | 6 minute |
| 21 | III | Short answer | Difficult | 3 | 6 minute |
| 22 | II | Short answer | Average | 3 | 6 minute |
| 23 | III | Short answer | Average | 3 | 6 minute |
| 24 | III | Short answer | Easy | 3 | 6 minute |
| 25 | II | Short answer | Average | 3 | 6 minute |
| 26 | III | Essay | Average | 5 | 10 minute |
| 27 | I | Essay | Average | 5 | 10 minute |
| | | | **Total** | **60** | **120 minute** |